ശ്രീ. എം. നാരായണൻകുട്ടി : പ്ലാനിംഗിന്റെ ടേൽനോട്ടം വഹിക്കുന്നതിന് സ്റ്റേറ്റ് നിലവാരത്തിൽ ഒരു പ്ലാനിംഗ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്ന ഗവൺമെന്റ് പറഞ്ഞിട്ട് കൊല്ലങ്ങളും പലതു കഴിഞ്ഞു. ആ പരിഗണന പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും ?

ശ്രീ. ആർ. ശങ്കർ : പൂർത്തിയായിട്ടില്ല. എന്നത്തേക്ക് പൂർത്തിയാകുമെന്നു പറയാൻ പ്രയാസമാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പ്ലാനിംഗ് ബോർഡ് പ്ലാൻ തയ്യാറാക്കുന്നതിനെ സംബന്ധിച്ചിടത്തോളം അതേപ്പറ്റി വിലയിരുത്തി ചർച്ചചെയ്ത് പോരായ്മകളും കണക്കിലെടുക്കുന്നതാണ്. പ്ലാനിംഗ് ബോർഡ് ഇപ്പോഴും നടപ്പിലുണ്ടോ ? ഉണ്ടെങ്കിൽ പ്ലാനിംഗ് ബോർഡിനു ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കാൻ എന്താണ് ഇത്ര കാലതാമസം ? പ്ലാൻ ഇനി നടപ്പാക്കാൻ പോകുന്നേയുള്ളോ ? ബഡ്ജറ്റ് പ്ലാൻ വരുന്നതിനു മുമ്പേയുണ്ട്. ഇവിടെ പ്ലാനും ബഡ്ജറ്റുംകൂടി കൂട്ടിക്കുഴച്ചു പറയുകയാണ്. പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളെ സംബന്ധിച്ചിടത്തോളം എത്രകണ്ട് പൂർത്തിയായിട്ടുണ്ട്, എത്രകണ്ട് പൂർത്തിയായിട്ടില്ല, പൂർത്തിയാകാതിരിക്കാനുള്ള കാരണമെന്താണ് എന്നീ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിലയിരുത്താൻ സംസ്ഥാന നിയമസഭയ്ക്ക് ഒരു അവസരം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഡ്ജറ്റ് കഴിഞ്ഞിട്ടുള്ള കാര്യങ്ങളും പിന്നീട്മാത്രം ചർച്ച ചെയ്യേണ്ടതാണ്. ഈ കൊല്ലത്തെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ഞാൻ സഭയിൽ വായിച്ചത്.

വാർദ്ധക്യകാല പെൻഷൻ.

* 41. [4] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) കളക്ടറന്മാർക്ക് അധികാരം കൊടുത്തതിനുശേഷവും ആറു മാസം പഴക്കം ചെന്ന എത്ര അപേക്ഷകൾ തീരുമാനിക്കാതെ കിടപ്പുണ്ട് ;

(സി) 1960 ഡിസംബറിലും 1961-ലും കൊടുത്ത അപേക്ഷകൾ ഇനിയും തീരുമാനിക്കാത്തതെത്ര എറണാകുളം ജില്ലയിൽ ഉണ്ട് ;

(ഡി) എറണാകുളം ജില്ലയിൽ ആലുവാ ടൗണിൽ കൊച്ചുപാത്തുമ്മ (ഹസ്സൻ) എന്ന 80 വയസ്സുള്ള ഒരു സ്ത്രീ 26-12-1960-ൽ വാർദ്ധക്യകാല പെൻഷനു അപേക്ഷിച്ചിരുന്നോ ;

(ഈ) ഈ സ്ത്രീയുടെ ഒരു മകൻ കാൽ സ്വാധീനമില്ലാത്തയാളാണെന്നും തൊഴിൽ ചെയ്യാൻ സാധിക്കുകയില്ലെന്നും, അമ്മയെ രക്ഷിക്കാൻ സാധ്യമല്ലെന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ ;

(എഫ്) മകന്റെ മക്കൾ ഒമ്പതു കുട്ടികളാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ;

(ജി) ഈ കൊച്ചുപാത്തുമ്മയ്ക്ക് മറ്റാരും ആശ്രയമില്ലെന്നതിനു എല്ലാ രേഖകളും സമർപ്പിച്ചതിനുശേഷം അവർക്ക് പെൻഷൻ അനുവദിക്കാതിരിക്കാൻ കാരണമെന്താണ് ;

(എച്ച്) എന്നാണ് ഈ അപേക്ഷയിന്മേൽ തീരുമാനം ഉണ്ടായത് ;

(ഐ) ഈ അപേക്ഷ പുനഃപരിശോധിക്കാൻ നിർദ്ദേശിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി കളക്ടറന്മാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) 1,040 അപേക്ഷകൾ തീരുമാനിക്കാതെ കിടപ്പുണ്ട്.

(സി) 146 അപേക്ഷകൾ.

(ഡി) അപേക്ഷിച്ചിരുന്നു.

(ഈ) ഇപ്രകാരം ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

(എഫ്) മകന്റെ മക്കൾ മൈനർ കുട്ടികളാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ജി) അപേക്ഷകസ്സ് നാലു സെന്റ് ഭൂമിയുണ്ടെന്നും, സാമ്പത്തിക സഹായത്തിന് അർഹയല്ലെന്നും അന്വേഷണത്തിൽ തെളിഞ്ഞതിനാലാണ് വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷ നിരസിക്കപ്പെട്ടത്.

(എച്ച്) 24-8-1963-ൽ.

(ഐ) ഉപചോദ്യം 'ജി' ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധനയ്ക്ക് കാരണം കാണുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നാലു സെന്റ് ഭൂമിയുണ്ടെന്നും അപേക്ഷകസ്സ് സാമ്പത്തികമായി കഴിവുണ്ടെന്നും ഇവിടെ പറഞ്ഞുകേട്ടു. ആരാണ് ഈ കാര്യങ്ങളെല്ലാം അന്വേഷിച്ചത് ? നാലു സെന്റ് ഭൂമിയുള്ളതുകൊണ്ട് സാമ്പത്തികമായി കഴിവുണ്ടെന്നുള്ള കാര്യം ഗവണ്മെന്റ് കണക്കിലെടുക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ : സാധാരണ ഗതിയിൽ ഈ കാര്യങ്ങളെല്ലാം അന്വേഷിക്കുന്നതു തഹശിൽദാരാണ്. ഈ പറഞ്ഞ കേസ്സ് അന്വേഷിച്ചതു തഹശീൽദാരാണോ വില്ലേജുദ്യോഗസ്ഥനാണോ എന്നുള്ള കാര്യം നിശ്ചയമില്ല. നാലു സെന്റ് ഭൂമി അപേക്ഷകസ്സിന് ഉണ്ടെന്നുള്ള വിവരമേ കിട്ടിയിട്ടുള്ളൂ. നാലു സെന്റ് ഭൂമി വളരെ വിലപിടിച്ചതായും വരാം, ചിലപ്പോൾ അല്ലെന്നും വരാം. ഈ സംഗതിയിൽ തുച്ഛമായ എന്തെങ്കിലും വരുമാനം ഉണ്ടെങ്കിൽ, ശാശ്വതമായ വരുമാനമുണ്ടെങ്കിൽ, ആ വരുമാനം കഴിച്ച് 15 രൂപയിൽ എണ്ണു ബാക്കിയുണ്ടോ അത്രയും പെൻഷൻ കൊടുക്കാമെന്ന വ്യവസ്ഥയുണ്ട്.

ശ്രീ. ടി. ഒ ബാവ : നാലു സെന്റു ഭൂമിയുണ്ടെന്നു പറഞ്ഞതു ഈ സ്ത്രീയ്ക്കോ അതോ അവരുടെ ബന്ധത്തിൽപ്പെട്ട വല്ലവർക്കുമാണോ? ഈ സ്ത്രീക്ക് സ്വന്തമായി ഒരു സെന്റ് ഭൂമിപോലുമില്ലെന്നും അവർ താമസിക്കുന്നതു സ്വന്തം സ്ഥലത്തല്ലെന്നും, മറ്റൊരാളിന്റെ നാലു സെന്റു ഭൂമിയിലാണ് കുടിയിരിക്കുന്നതു എന്നുമുള്ള വസ്തുതയും പരിഗണിച്ചുകൊണ്ടാണ് ഇത്രയും വിശദമായ ചോദ്യം ചോദിച്ചതു. ഇത്തരത്തിലുള്ള അനേകം അപേക്ഷകൾ വില്ലേജാഫീസുകളിൽ കെട്ടിക്കിടപ്പുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് ഇതൊന്നു പ്രത്യേകമായി പരിശോധിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെന്റു കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെംബർ ദയവായി ഇതു പെഴ്സ്യൂ ചെയ്യണമെന്നു ഞാൻ പറയുന്നു. വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് എത്രയോ തവണ ഞാൻ മെംബറന്മാർക്ക് ഉറപ്പു കൊടുത്തിട്ടുണ്ട്. ഞാൻ പോയി ഓരോ അപേക്ഷയും പരിശോധിച്ചു കൊടുക്കുക സാദ്ധ്യമല്ല. ഉദ്യോഗസ്ഥന്മാർക്ക് വേണ്ടിടത്തോളം അധികാരം കൊടുത്തിട്ടുണ്ട്. എന്നിട്ടും പറയുന്നതു കേട്ടാൽ മനഃപൂർവ്വം കൊടുക്കാതിരിക്കുകയാണെന്നു തോന്നിപ്പോകും. അതുകൊണ്ടാണ് ഈവക കേസ്സുകൾ ബഹുമാനപ്പെട്ട മെംബറന്മാർ പെഴ്സ്യൂ ചെയ്യണമെന്നു ഞാൻ പറയുന്നതു. പെൻഷനു അർഹതയുള്ള എല്ലാ ആ

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്കും മനഃപൂർവ്വം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെന്റ് ഈ പദ്ധതി ഉണ്ടാക്കിയിട്ടുള്ളത്. ഒരുപക്ഷേ തെറ്റിദ്ധാരണയുടെ ഫലമായി ഉദ്യോഗസ്ഥന്മാർ അർഹത വേണ്ടുവോളമില്ലാത്തവർക്ക് കൊടുത്തു എന്നുവന്നാൽ പോലും തകരാറില്ല. എന്നാൽ അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കാതിരിക്കരുതെന്നു പ്രത്യേകം കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ ; പെൻഷൻ അനുവദിച്ചതിനുശേഷം, ഒന്നു രണ്ടു മാസം പെൻഷൻ കൊടുത്തതിനുശേഷം തുടർച്ചയായി മൂന്നു നാലു മാസം കൊടുക്കാതിരിക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ ? അങ്ങനെ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ? മൂന്നുനാലു മാസം തുടർച്ചയായി പെൻഷൻ കിട്ടാതിരിക്കുന്ന കേസ്സുകളുണ്ടെങ്കിൽ അതിനെന്തെങ്കിലും നടപടികൾ ഗവണ്മെന്റ് എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : പെൻഷൻ വാങ്ങിക്കുന്ന ആൾ മരിച്ചുപോകുകയോ, പെൻഷനു് അർഹതയുള്ളവർ സ്വത്തിന്റെ ഉടമസ്ഥരാകുകയോ ചെയ്യുന്നില്ലെങ്കിൽ പെൻഷൻ തുടർന്നു കൊടുക്കേണ്ടതാണ്. അങ്ങനെയുള്ള കേസുകളായിരിക്കുകയില്ല ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു്.

ശ്രീ. എം. സി. എബ്രഹാം : വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനു് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള സൗകര്യങ്ങൾ റവ. ബി. പേഷ്യൻസിനു് ധനസഹായം കൊടുക്കുന്ന കാര്യത്തിലും ബാധകമാക്കുമെന്നു വിശ്വസിക്കട്ടെയോ ?

ശ്രീ. ആർ. ശങ്കർ : റവ. ബി. പേഷ്യൻസിനെ സംബന്ധിച്ചിടത്തോളം രൂപസിൽ തടസ്സങ്ങളൊന്നും നീക്കുന്നതിനുള്ള എല്ലാ നടപടികളും ഗവണ്മെന്റ് എടുക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : വളരെക്കാലം മുമ്പു് തയ്യാറാക്കിയിട്ടുള്ള വോട്ടേഴ്സ് ലിസ്റ്റിലെ വയസ്സു് തിരുത്തപ്പെടാതെ അങ്ങനെ തുടർന്നുപോകുകയും അതുമൂലമുണ്ടാകുന്ന കഷ്ടപ്പാടുകളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഈ ഉദ്യോഗസ്ഥന്മാർ വയസ്സു് നിർണ്ണയിക്കുന്ന കാര്യത്തിൽ അതിൽനിന്നു് അണുമാത്രമെങ്കിലും നീക്കുപോക്കുചെയ്യാതെ വരുന്നതുമൂലം അനേകം അപേക്ഷകരും തള്ളപ്പെടുന്നു എന്നുള്ളതിനെ മുൻനിറുത്തി ഈ കാര്യത്തിൽ എന്തെങ്കിലും നടപടിയോ, വിവേചനാധികാരമോ ഗവണ്മെന്റ് ഈ ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഈ കാര്യത്തിൽ എല്ലാ വിവേചനാധികാരവും ഉദ്യോഗസ്ഥന്മാർക്ക് ഗവണ്മെന്റ് യഥാർത്ഥത്തിൽ കൊടുത്തിട്ടുണ്ട്. ഒരു ബുദ്ധിമുട്ടുള്ളതു് വോട്ടേഴ്സ് ലിസ്റ്റിൽ തുടർച്ചയായി മൂന്നുനാലു തവണ ഒരേ വയസ്സു് തിരുത്താതെ വന്നാൽ ആ വയസ്സു് സ്വീകാര്യമായിത്തീരുക സ്വാഭാവികമാണ്. അതില്ലെന്നു വരുത്തേണ്ടതു് അപേക്ഷകരാണ്. ആ സംഗതിയിൽ ഉദ്യോഗസ്ഥന്മാരെ കുറ്റപ്പെടുത്തുക പ്രയാസമാണ്. ഉദ്യോഗസ്ഥന്മാർക്ക് വയസ്സു് കൃത്യമായി നിശ്ചയിക്കുവാൻ പ്രയാസമുണ്ട്. ഡാക്ടർമാർക്ക് പോലും അതു് സാധിക്കുന്നില്ല. ഡാക്ടറന്മാർ പറയുന്നതു് 70 വയസ്സു് കഴിഞ്ഞോ എന്നൊന്നും പരിശോധിച്ചു പറയുക സാദ്ധ്യമല്ലെന്നാണ്. 50, 60 വയസ്സു് കഴിഞ്ഞാൽ 75, 80 എല്ലാം ഏകദേശം ഒരുപോലെയിരിക്കുമെന്നാണ് ഡാക്ടറന്മാരുടെ അഭിപ്രായം. ജനനസർട്ടിഫിക്കറോ മറ്റു റിക്കാർഡുകളോ യാതൊന്നുംതന്നെ കൈവശം കാണുകയില്ല. അപേക്ഷകർക്ക് പഴയപ്രമാണങ്ങളിൽത്തന്നെ വയസ്സു് പറഞ്ഞിരിക്കുന്നതു് ഹാജരാക്കാൻ പ്രയാസമായിരിക്കും. ആ നിലയ്ക്ക് ഇതു് പ്രായോഗത്തിൽ വരുത്തുന്നതിനു് വളരെ വിഷമമുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കും. പക്ഷേ കളക്ടർക്ക് പൂർണ്ണമായി വിവേചനാധികാരം ഈ സംഗതിയിൽ കൊടുത്തിട്ടുണ്ട്. അതു് അവർക്കുപയോഗിച്ച് അർഹതയുള്ളവർക്ക് കൊടുക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറിനു് കൊടുത്തിരിക്കുന്നതുകൊണ്ടു് അതു് അനേഷിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കുഴപ്പമുണ്ടാകുന്നതു കൊണ്ടു് പഞ്ചായത്തുകൾക്കു് ഈ അധികാരം വിട്ടുകൊടുക്കുകയാണെങ്കിൽ അർഹതയുള്ളവരുടെയെല്ലാം ലിസ്റ്റു് തയ്യാറാക്കി കാലതാമസം ഒഴിവാക്കി എളുപ്പത്തിൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടു് പഞ്ചായത്തുകൾക്കു് ഈ അധികാരം വിട്ടുകൊടുക്കുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനു് എന്തെങ്കിലും നടപടി എടുക്കുന്നതു് അപകടകരമായിരിക്കും. ഈ അധികാരം പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുന്ന കാര്യം ഏതാനും കൊല്ലം കഴിഞ്ഞതിനു ശേഷം ആലോചിക്കാം.

ശ്രീ. എസ്സ്. കുമാരൻ : ഇതിനെസംബന്ധിച്ചുള്ള ഗവണ്മെൻറിന്റെ നയം ഒരു ഉദ്യോഗസ്ഥൻ മനഃപൂർവ്വം ലംഘിച്ചതിനാൽ അർഹതയുള്ള ആളിനു് പെൻഷൻ കിട്ടിയില്ലെന്നും, അതു് തനിക്കു് ഉത്തമബോദ്ധ്യമുണ്ടെന്നുമുള്ള ആരോപണം ശ്രീ. ടി. ഒ. ബാപ്പാ ഉന്നയിക്കുകയുണ്ടായി. അതേസംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു്, ഗൗരവമായുള്ളതാണെങ്കിൽ മെംബർ പെഴ്സ്യൂ ചെയ്യണമെന്നാണു്. വളരെ ഉത്തരവാദിത്വത്തോടുകൂടി ഇത്തരം ആരോപണങ്ങളും ഉന്നയിച്ചാൽ അതു് പെഴ്സ്യൂ ചെയ്യണമെന്നു പറയുന്നതുകൊണ്ടു് എന്താണു് ഉദ്ദേശിക്കുന്നതെന്നു മനസ്സിലാകുന്നില്ല. അതു് വിജിലൻസ് ആഫീസറോടു് പറയണമെന്നാണോ അതോ കളക്ടറോടു പോയി പറയണമെന്നാണോ ഉദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : അദ്ദേഹത്തിനു് ആ സംശയം ഉണ്ടായില്ല. ഏതായാലും ശരി പെഴ്സ്യൂ ചെയ്യണമെന്നു ആവശ്യപ്പെട്ടതു് കളക്ടറുടെ പുറകേ നടക്കണമെന്ന ഉദ്ദേശത്തിലല്ല. ഈ വിവരങ്ങൾ വിശദമായി എഴുതി എം. എൽ. എ. മാർതന്നെ ചീഫ് മിനിസ്റ്റർക്കു് കൊടുത്താൽ വേണ്ട നടപടികളും സ്വീകരിക്കുന്നതാണു്.

ശ്രീ. ആർ. സുഗതൻ : തോട്ടപ്പള്ളി കോളനിയിൽ അഞ്ചാം നമ്പർ വീട്ടിൽ താമസിക്കുന്ന ഒരു സ്ത്രീയുടെ പെൻഷൻ ഇതുവരെ അനുവദിച്ചിട്ടില്ല. ഇതു് ഞാൻ കഴിഞ്ഞ സമ്മേളനത്തിലും പറഞ്ഞതാണു്. അതുപോലെ പുന്നപ്രയിൽ താമസിക്കുന്ന ഒരു ഹരിജനും ഇതുവരെയായി പെൻഷൻ കൊടുത്തിട്ടില്ല. ഇതുരണ്ടും എത്രയുംവേഗം കൊടുക്കാൻ വേണ്ട ഏർപ്പാടു് ചെയ്യുമോ? അതോ ഇതും ഞാൻ പെഴ്സ്യൂ ചെയ്യണമോ?

ശ്രീ. ആർ. ശങ്കർ: തോട്ടപ്പള്ളിയിലും തുമ്പോളിയിലും ഉള്ള കേസുകളെല്ലാം യഥാർത്ഥത്തിൽ കിട്ടാൻ അർഹതയുള്ളതാണെങ്കിൽ അതെല്ലാം പെഴ്സ്യൂ ചെയ്യണമെന്നു ഞാൻ പറയുകയാണു്.

ജീവിതച്ചെലവിന്റെ വർദ്ധനവു്

* 42. [5] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്റ്റേറ്റിലെ ഓരോ ജില്ലയിലെയും ജീവിതച്ചെലവിന്റെ വർദ്ധനവു കാണിക്കുന്ന കണക്കു് ഗവണ്മെൻറിൽനിന്നും ശേഖരിച്ചിട്ടുണ്ടോ;

(ബി) 1962 ജനുവരി മുതൽ 1963 ഡിസംബർ അവസാനംവരെ എത്രശതമാനം ജീവിതസൂചിക വർദ്ധിച്ചുവെന്നു പറയാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

LIBRARY ARCHIVES Kerala Legislative Assembly